"ഭരണഭാഷ – മാതൃഭാഷ"

നം: എൻ.എം.എ(1)–6170/2021/ ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം–695 014
ഫോൺ:–0471–2580 548
ഇ–മെയിൽ:–supdtnma.dge@kerala.gov.in

തീയതി : 27/09/2021

പ്രേക്ഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ

സർ,

വിഷയം :– പൊതുവിദ്യാഭ്യാസം– സ്കൂൾ ഉച്ചഭക്ഷണ പദ്ധതി–2021–22– പബ്ളിക് ഫിനാൻഷ്യൽ മാനേജ്മന്റ് സിസ്റ്റം– കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ച പുതുക്കിയ നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും – ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്

സൂചന :– 1. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 23.03.2021 തീയ്യതിയിലെ ഒ .എം. F.No.1(13)/PFMS/FCD/2020
2. സംസ്ഥാന ധനകാര്യ വകുപ്പിന്റെ 24.05.2021 തീയ്യതിയിലെ പരിപത്രം നം.44/2021/ഫിൻ
3. കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ 30.07.2021 തീയ്യതിയിലെ ഒ.എം.നം.C–1305(520–PtII)/MFCGA/PFMS/CSS(EAT/2021–22/1610

******************

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് മാനേജ്മെന്റ് (Allocation, Release & Monitoring the utilization of funds released), കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം മുഖാന്തിരം മാത്രം നടപ്പിലാക്കുന്നതിനുള്ള കർശന നടപടികളുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട പുതുക്കിയ നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സൂചന (1) പ്രകാരം കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് റിലീസ് , ധനവിനിയോഗം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുകയും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പി.എഫ്.എം.എസ് സംവിധാനത്തിലെ പുതുക്കിയ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ SOP (Standard Operating Procedures) സൂചന (3) പ്രകാരം കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ നടപടിക്രമത്തിലെ ചില പ്രധാന നിർദ്ദേശങ്ങൾ ഇനി പറയുന്നവയാണ്.

01. ഒരു സിംഗിൾ നോഡൽ ഏജൻസിയ്ക്കായിരിക്കും ഒരു പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതിയുടെ

നടത്തിപ്പ് ചുമതല. പി.എഫ്.എം.എസ് സംവിധാനത്തിലെ പുതുക്കിയ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിന് മികച്ച ഐ .ടി സൊല്യൂഷൻ നൽകുവാൻ കഴിവുള്ള ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കിനെ സിംഗിൾ നോഡൽ ഏജൻസി തെരെഞ്ഞെടുക്കേണ്ടതും ടി ബാങ്കിൽ സിംഗിൾ നോഡൽ അക്കൗണ്ട് തുറക്കേണ്ടതുമാണ്.

02. ഇപ്രകാരം തെരഞ്ഞെടുക്കുന്ന ബാങ്കിന്റെ ഒരു പ്രത്യേക ശാഖയിലോ അല്ലെങ്കിൽ വിവിധ ശാഖകളിലോ സിംഗിൾ നോഡൽ ഏജൻസിക്ക് കീഴിൽ വരുന്ന വിവിധ തലങ്ങളിലെ പദ്ധതി നടത്തിപ്പ് ഏജൻസികൾ (Implementing Agencies (IAs)) സീറോ ബാലൻസ് സബ്സ്ഡയറി ബാങ്ക് അക്കൗണ്ടുകൾ തുറക്കേണ്ടതാണ്. ഇപ്രകാരം ആരംഭിക്കുന്ന സീറോ ബാലൻസ് സബ്സ്ഡയറി ബാങ്ക് അക്കൗണ്ടുകളിൽ ഫണ്ട് പാർക്ക് ചെയ്യുവാൻ അനുവാദമുണ്ടായിരിക്കില്ല. പകരം സിംഗിൾ നോഡൽ അക്കൗണ്ടുമായി ലിങ്ക് ചെയ്ത് കൊണ്ട് ഡ്രോയിങ് ലിമിറ്റുകൾ (Drawing Limits) നിശ്ചയിച്ച് നൽകുകയാണ് ചെയ്യുക.

03. പദ്ധതി നടത്തിപ്പ് ഏജൻസികളുടെ (IAs) സീറോ ബാലൻസ് അക്കൗണ്ടുകൾക്ക് drawing limits നിശ്ചയിക്കുന്നത് സ്റ്റേറ്റ് നോഡൽ ഏജൻസിയാണ്. പദ്ധതി നടത്തിപ്പ് ഏജൻസികളുടെ കീഴിലാണ് beneficiaries/vendors/payees നെ രജിസ്റ്റർ ചെയ്യുന്നതും map ചെയ്യുന്നതും. Beneficiaries/vendors/payees ന് തുക റിലീസ് ചെയ്യുന്ന സമയത്ത് നിശ്ചയിക്കപ്പെട്ട drawing limits ന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് നോഡൽ അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കപ്പെടുകയും അതിനനുസരിച്ച് drawing limits ൽ കുറവ് വരികയും ചെയ്യുന്നതാണ്.

04.സിംഗിൾ നോഡൽ ഏജൻസിക്ക് കീഴിൽ വരുന്ന എല്ലാ പദ്ധതി നടത്തിപ്പ് ഏജൻസികളും (IAs) തങ്ങളുടെ നിലവിലെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ടി അക്കൗണ്ടിലെ ബാലൻസ് തുക സിംഗിൾ നോഡൽ ഏജൻസിയുടെ അക്കൗണ്ടിലേക്ക് (സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക്) ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര ധകാര്യ മന്ത്രാലയം പുറപ്പെടുവിച്ച പുതുക്കിയ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ സിംഗിൾ നോഡൽ ഏജൻസിയായി ബഹു: പൊതുവിദ്യാഭ്യാസ ഡയറക്ടറെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഡി.ഡി.ഇ മാർ, എ.ഇ.ഒ മാർ, സ്കൂൾ പ്രഥമാധ്യാപകർ എന്നിവരാണ് സിംഗിൾ നോഡൽ ഏജൻസിയുടെ കീഴിൽ വരുന്ന പദ്ധതി നടത്തിപ്പ് ഏജൻസികൾ (IAs).

വിവിധ ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകളുടെ പ്രൊപ്പോസലുകളും ഐ .ടി സൊല്യൂഷനുകളും പരിശോധിച്ച ശേഷം ഉച്ചഭക്ഷണ പദ്ധതിയുടെ നോഡൽ ബാങ്കായി ദേശസാൽകൃത ബാങ്കായ കാനറാ ബാങ്കിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കാനറാ ബാങ്കിൽ സിംഗിൾ നോഡൽ അക്കൗണ്ട് ആരംഭിക്കുകയും ടി അക്കൗണ്ടുൾപ്പെടെ സിംഗിൾ നോഡൽ ഏജൻസിയുടെ രജിസ്ട്രേഷൻ, മാപ്പിങ്ങ് എന്നിവ പി.എഫ്.എം. എസ്സിന്റെ പോർട്ടലിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

30.09.2021 നുള്ളിൽ എല്ലാ പദ്ധതി നടത്തിപ്പ് ഏജൻസികളും സീറോ ബാലൻസ് സബ്സിഡയറി ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിരിക്കണമെന്ന് കേന്ദ്ര ധകാര്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ജില്ല, സബ്-ജില്ല, സ്കൂൾ തലങ്ങളിലെ പദ്ധതി നടത്തിപ്പ് ഏജൻസികളായ ഡി.ഡി.ഇ മാർ, എ.ഇ.ഒ മാർ, സ്കൂൾ പ്രഥമാധ്യാപകർ എന്നിവർക്ക് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി ഡി.ഡി.ഇ മാർ, എ.ഇ.ഒ മാർ, സ്കൂൾ പ്രഥമാധ്യാപകർ എന്നിവർ കാനറാ ബാങ്കിൽ സീറോ ബാലൻസ് സബ്സിഡയറി അക്കൗണ്ടുകൾ ആരംഭിക്കേണ്ടതാണ്. ഇവ സേവിങ്സ് ബാങ്ക് അക്കൗണ്ടുകളായിരിക്കണം. ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനാവശ്യമായ KYC ഡീറ്റെയിൽസ് ബാങ്കിന് നൽകേണ്ടതാണ്.
2. നൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ വകുപ്പിനെ സഹായിക്കുവാൻ എല്ലാ ജില്ലകളിലും നോഡൽ ഓഫീസർമാരെ കാനറാ ബാംങ്ക് നിയമിച്ചിട്ടുണ്ട് . ടി ഓഫീസർമാരുടെ ഡീറ്റെയിൽസ് Annexure I ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ടി നോഡൽ ഓഫീസർമാരുടെ സഹായത്തോടെ ഡി.ഡി.ഇ, എ.ഇ.ഒ ഓഫീസുകൾ 28.09.2021 നുള്ളിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കേണ്ടതാണ്.
3. ഡി.ഡി.ഇ ഓഫീസിന്റെ മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാകണം എ.ഇ.ഒ ഓഫീസുകളുടെയും സ്കൂളുകളുടെയും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്ന നടപടികൾ

പൂർത്തീകരിക്കേണ്ടത്.

4. 30.09.2021 നള്ളിൽ സ്കൂൾതല അക്കൗണ്ടുകൾ ആരംഭിക്കുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. **ഇതിനാവശ്യമായ നിർദ്ദേശം സ്കൂളുകൾക്ക് ഡി.ഡി.ഇ, എ.ഇ.ഒ മാർ നൽകേണ്ടതും കാനറാ ബാങ്കിന്റെ ജില്ലാതല നോഡൽ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും സ്കൂൾ പ്രഥമാധ്യാപകർക്ക് നൽകേണ്ടതുമാണ്.**
5. ജില്ലാ, എ.ഇ.ഒ തലങ്ങളിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ഡി.ഡി.ഇ മാർ 28.09.2021 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.
6. സ്കൂൾതല ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഡി.ഡി.ഇ മാർ 29.09.2021 മുതൽ ചുവടെ നൽകിയിട്ടുള്ള ഫോർമാറ്റിൽ ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് തീയ്യതി:-

| ജില്ല | ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന ജില്ലയിലെ ആകെ സ്കൂളുകൾ | എത്ര സ്കൂളുകളിൽ ഇതുവരെ അക്കൗണ്ട് ആരംഭിച്ചു |
|---|---|---|

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഡി.ഡി.ഇ, എ.ഇ.ഒ ഓഫീസുകളുടെയും സ്കൂളുകളുടെയും നിലവിലെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ടി അക്കൗണ്ടിലെ ബാലൻസ് തുക സിംഗിൾ നോഡൽ ഏജൻസിയുടെ അക്കൗണ്ടിലേക്ക് (സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക്) ക്രെഡിറ്റ് ചെയ്യേണ്ടതുള്ളതിനാൽ, ഇത് സംബന്ധിച്ച നിർദ്ദേശം ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്. 28.09.2021 നള്ളിൽ നിലവിലെ അക്കൗണ്ടുകളിലെ ബാലൻസ് തുക കൃത്യമായി തിട്ടപ്പെടുത്തേണ്ടതും (അപ്ഡേറ്റ് ചെയ്ത ബാങ്ക് പാസ്സ്ബുക്കുകൾ, ബന്ധപ്പെട്ട ഓഫീസ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ച് കൊണ്ട്) ടി തുകയ്ക്ക് ലഭിച്ച ബാങ്ക് പലിശ, തുകയിലെ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ (ഡാറ്റ ലഭ്യമെങ്കിൽ മാത്രം) എന്നിവയടക്കമുള്ള ഡീറ്റെയിൽസ് കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുവാനും ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

Signature Not Verified

Digitally signed by
SANTHOSH C A
Date: 2021.09.27 13:24:16
IST
Reason: Approved

സി എ സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി